**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2156** | **12-12-2022 - ൽ മറുപടിയ്ക്ക്**

**കോവളം-ബേക്കൽ ദേശീയപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കോവളം-ബേക്കൽ ദേശീയപാതയുടെ സ്ഥലമേറ്റെടുക്കൽ, പുനരധിവാസം, വിവിധ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവയുടെ വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | കോവളം മുതൽ ബേക്കൽ വരെ 616 കി.മീ നീളത്തിലാണ് സംസ്ഥാനത്ത് പശ്ചിമതീര ജലപാത വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ജലപാതയെ ദേശീയ ജലപാത-3 (National Waterway III) ആയി പ്രഖ്യാപിച്ചിട്ടുള്ളതും കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയുമാണ്.<br><br>ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI) യുടെ അധീനതയിലുള്ള കൊല്ലം മുതൽ കോഴിക്കോട് വരെ 328 കി.മീ ദൈർഘ്യം വരുന്ന ദേശീയ ജലപാത-3ലെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗത യോഗ്യമാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ദേശീ ജലപാതാ നിലവാരത്തിലേക്ക് എത്തുന്നതിനായ കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും, ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക് കം ബ്രിഡ്ജും പുനർ നിർമ്മിക്കേണ്ടതുണ്ട്. നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം ദേശീയ ജലപാതാ അതോറിറ്റിയുടെ ഡെപ്പോസിറ്റ് ഫണ ഉപയോഗിച്ച് ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. നടപ്പാലം പുനർനിർമ്മാണത്തിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പൂർണ്ണതോതിൽ ഗതാഗത യോഗ്യമാകുന്നതിനായി നിരവധി പാലങ്ങളും റഗുലേറ്ററുകളും പുതുക്കിപ്പണിയേണ്ടതായിട്ടുണ്ട്. |

പ്രസ്തുത 160 കി.മീ. ജലപാത ദേശീയ ജലപാതാ
നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ ജലപാതാ അതോറിറ്റി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ - ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പ്രസ്തുത ഡി.പി.ആർ പ്രകാരമുള്ള വികസന പദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

ദേശീയ ജലപാതയിൽ മലപ്പുറം ജില്ലയിലൂടെ കടന്ന് പോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്ക ഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക കം ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.

കോവളം മുതൽ വർക്കല വരെ കനാൽ തീരത്ത് താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 247.2 കോടി രൂപയുടെ KIIFB **ധനസഹായത്തോടുകൂടിയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു. കൂടാതെ കോവളം - ആക്കുളം ഭാഗത്തെ 16 കി.മീ ദൂരത്തിൽ കനാൽ വികസന പ്രവർത്തനങ്ങൾക്ക് 183 കോടി രൂപ കിഫ്ബി മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് കരിക്കകം, പുത്തൻപാലം, പനത്തുറ എന്നീ പാലങ്ങളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. ആക്കുളം മുതൽ കഠിനംകുളം വരെയുള്ള 10.5 കി.മീ ദൂരം കനാലുകൾ വികസിപ്പിക്കുന്നതിനായി 8 കോടി രൂപയുടെ 4 പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. പള്ളിത്തുറ ഭാഗത്ത് ജലപാതയ്ക്ക് കുറുകെ വരുന്നതും കാലപ്പഴക്കം ചെന്നതുമായ സെന്റ്. ആൻഡ്രൂസ് ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കഠിനംകുളം മുതൽ ഒന്നാം പാലം വരെ പൂർണ്ണമായും ഗതാഗത യോഗ്യമാണ് ഒന്നാം പാലം മുതൽ വർക്കല വരെ ഭാഗത്ത് 372കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.വർക്കല ശിവഗിരി ഭാഗത്തെ 722 മീറ്റർ നീളത്തിലുള്ള വലിയ തുരങ്കവും 350 മീറ്റർ നീളത്തിലുള്ള ചെറിയ തുരങ്കവും നിലവിലുള്ള അവസ്ഥയിൽ ചെളിയും മറ്റ് തടസ്സങ്ങളും മാറ്റി**

**ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. നടയറ മുതൽ കൊല്ലം വരെ ഗതാഗത യോഗ്യമാണ്.**

**കോഴിക്കോട് പയ്യോളി റൂട്ടിൽ കോഴിക്കോട് നഗരത്തിന്റെ ഹൃദയ ഭാഗത്തുകൂടി കടന്നുപോകുന്ന 11.2 കി.മീ ദൂരത്തിലുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേക്ക വികസിപ്പിക്കുന്നതിനായി 'കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്' എന്ന പേരിലുള്ള പദ്ധതി ഏകദേശം 1118 കോടി രൂപ കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയ്ക്കായി വിശദമായ പദ്ധതി രേഖ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) തയ്യാറാക്കി വരുന്നു.**

വടകര മുതൽ മാഹി വരെ വരുന്ന 17.61 കി.മീ. ദൂരത്തിൽ 12 കി.മീ. ദൂരം കനാൽ ജലഗതാഗതയോഗ്യമായിട്ടുണ്ട്. ഒന്നാം റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായി വരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും വെങ്ങോലി ലോക്ക് കം ബ്രിഡ്ജിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. റീച്ച് അഞ്ചിൽ 3കി.മീ. ദൂരം കനാൽ പൂർത്തീകരിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കണ്ണൂർ ജില്ലയിലെ മാഹിക്കും വളപട്ടണത്തിനും ഇടയ്ക്ക് മൂന്നിടത്തായി ഏകദേശം **26** കി.മീ.**യും,** കാസറഗോഡ് ജില്ലയിലെ നീലേശ്വരം മുതൽ ബേക്കൽ വരെയുള്ള ഭാഗത്ത് **6.5** കി.മീ.യും പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്**.** മാഹി-വളപട്ടണം റീച്ചിൽ തലശ്ശേരി മുതൽ വളപട്ടണം വരെ വരുന്ന ഭാഗത്ത് ഒന്നാം കട്ടിന്റെ (റീച്ച്-I) അലൈൻമെന്റ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. രണ്ടാം കട്ടിന്റെ (റീച്ച്-II) സാമൂഹികാഘാത പഠനം പൂർത്തിയായതും മൂന്നാം കട്ടിന്റെ (റീച്ച്-III) സാമൂഹികാഘാത പഠനം നടന്നുവരുന്നതുമാണ് ഈ രണ്ടു കട്ടിന്റെയും പാരിസ്ഥിതികാഘാത പഠനം പൂർത്തിയാക്കാനുണ്ട്. പ്രസ്തുത പഠനം പൂർത്തിയായാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് അന്തിമ വിജ്ഞാപനം ഇറക്കാൻ സാധിക്കുകയുള്ളൂ.

നീലേശ്വരം ബേക്കൽ ഭാഗത്ത് **6.5** കി.മീ**.** പുതിയതായി കനാൽ നിർമ്മിക്കുന്നതിനായി

| | | | |
|---|---|---|---|
| | | | വാട്ടർ ബാലൻസ് സ്റ്റഡി, സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ജലപാതാ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയാണ് ഈ പ്രവൃത്തികൾ നടപ്പാക്കുന്നത്. |
| (ബി) | ഈ പദ്ധതി എന്നത്തേക്ക് യാഥാർത്ഥ്യമാക്കാനാവും എന്ന് അറിയിക്കുമോ? | (ബി) | വെസ്റ്റ് കോസ്റ്റ് കനാൽ 2025 അവസാനത്തോടുകൂടി പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ